LSGD

തദ്ദേശ സ്വയംഭരണ വകുപ്പ്

# വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2024 2025



vadasserikkaragp@gmail.com

# ബജറ്റ് പ്രസംഗം

ബഹുമാന്യരേ,

ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വത്തിലുള്ള ഭരണസമിതി വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ അധികാരത്തില് വന്നിട്ട് മൂന്നര വർഷം പൂർത്തിയാകുന്ന കാലഘട്ടത്തിലാണ് മൂന്നാം സമ്പൂർണ്ണ ബജറ്റ് അവതരിപ്പിക്കുന്നത്.

14–ാംം പഞ്ചവൽസര പദ്ധതിയുടെ ഭാഗമാണ് നമ്മുടെ ബജറ്റ്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനവും ജനങ്ങളെ മികച്ച ജീവിത നിലവാരത്തിലേക്ക് കൈപിടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് ഭരണസമിതി നടത്തിയിട്ടുള്ളത്.

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ മഹാഭൂരിപക്ഷവും നടപ്പിലാക്കാൻ കഴിഞ്ഞു എങ്കിലും, പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് അവകാശപ്പെടുന്നില്ല. എല്ലാവർക്കും പാർപ്പിടം, കുടിവെള്ളവും, തെരുവുകളിലെ സമ്പൂർണ്ണ വൈദ്യുതീകരണവും, മാലിന്യ നിർവ്വഹണവും എല്ലാം തുടർ പദ്ധതികളായി പ്രഖ്യാപിച്ച് ഭരണ സമിതിയുടെ കാലഘട്ടത്തിൽ തന്നെ സമ്പൂർണ്ണമായി ഇവ നടപ്പിലാക്കാനുള്ള ലക്ഷ്യവുമായിട്ടാണ് ഭരണസമിതി മുമ്പോട്ട് പോകുന്നത്.

കേരളത്തിൽ വീണ്ടും അധികാരത്തിൽ വന്ന ശ്രീ പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ കാൽ നൂറ്റാണ്ട് ലക്ഷ്യമിട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് കല്ലിടുന്ന പദ്ധതികളാണ് ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചത്. ഇതിന്റെ പിൻതുടർച്ചയാണ് നമ്മുടെ ബജറ്റ്. പ്രതിസന്ധികളിൽ പകയ്ക്കാതെ പരിമിതികൾ മുറിച്ചുകടക്കുന്ന പ്രായോഗിക സമീപനവും, വികസന കാഴ്ച്ചപ്പാടുമാണ് നമ്മുടെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കാർഷിക മേഖലയുടെ സമഗ്ര പുരോഗതിയും കൃഷിയിലൂടെ ഉൾപാദനം വർദ്ധിപ്പിക്കുക, പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെ ശബരിമല ഇടത്താവളം, പൊതു ശ്മശാനം, ജലജീവൻ പദ്ധതിയിലൂടെയും പൊതു ജനസഹകരണത്തോടുകൂടിയും വാട്ടർ ടാങ്കുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കാൻ,

ആവശ്യക്കാരായ എല്ലാവർക്കും ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ, കേരള ഗ്രാമം സംയോജിത പദ്ധതിയിലൂടെ കേര കൃഷിയും വന്യമൃഗത്തിൽ നിന്നുള്ള സംരക്ഷണവും ഉറപ്പുവരുത്തൽ, ആശുപത്രിയുടെ പുതിയ കെട്ടിടം, പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം തുടങ്ങി നിരവധി പദ്ധതികൾക്കാണ് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്

പഞ്ചായത്തുകൾ തദ്ദേശ സ്വയംഭരണ സർക്കാർ ആണെങ്കിലും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലൂടെ രൂപപ്പെടുന്ന ചട്ടക്കൂടിനകത്തുനിന്നുകൊണ്ടു മാത്രമേ നമ്മുടെ വികസന പ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂ. ആ നിലയിൽ അതാത് മേഖലകൾക്ക് ഫണ്ടുകൾ മാറ്റി വച്ചുകൊണ്ടും അനിവാര്യ മേഖലകളായ ശിശുക്കൾ, ഭിന്നശേഷി വിഭാഗങ്ങൾ, വനിതകൾ, വൃദ്ധർ, തുടങ്ങിയവർക്ക് നിർദ്ദിഷ്ട ശതമാനത്തിലധികം തുക വകയിരുത്തിക്കൊണ്ടും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയുമാണ് ബഡ്ജറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഭവ സ്രോതസ്സുകളുടെ വിശദാംശങ്ങൾ ബഡ്ജറ്റ് അവതരണത്തിൽ നൽകുന്നതാണ്. ബഡ്ജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫല പ്രാപ്തിയോടെയുള്ള പദ്ധതി രൂപീകരണത്തിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും മറ്റെല്ലാ വിഭാഗം ആളുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| വടശ്ശേരിക്കര | **ശ്രീമതി. ലതാ മോഹൻ** |
| 07/02/2024 | പ്രസിഡൻ്റ് |

# ബജറ്റ് നോട്ട്

പ്രിയപ്പെട്ടവരെ,

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൻറെ 2024-2025 വർഷത്തെ കരട് ബജറ്റ് സമഗ്ര ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു. 2024-2025 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ സമഗ്ര വിശകലനവും പഞ്ചായത്തിൻറെ പ്രതീക്ഷിത വരവും അതിനോടനുബന്ധിച്ചുള്ള ചെലവും ഉള്ളടക്കം ചെയ്യുന്നു. കൂടാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളും മറ്റ് ഏജൻസികളിൽ നിന്നുള്ള വരവുകളും ലൈഫ് മിഷൻ ഭവന പദ്ധതിക്കായി സർക്കാർ ലഭ്യമാക്കുന്ന ലോൺ തുകയും പ്രതീക്ഷിച്ചാണ് ബജറ്റ് വകയിരുത്തൽ നടത്തിയിട്ടുള്ളത്. ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാറ്റിംഗ് കമ്മിറ്റികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ സമന്വയിപ്പിച്ചുകൊണ്ടാണ് ബജറ്റിൽ തുകകൾ വകയിരുത്തിയിരിക്കുന്നത്. ബജറ്റിൻറെ വിഭവ സ്രോതസുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബജറ്റ് സ്റ്റേറ്റ്മെൻറ് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. ബജറ്റ് അവതരണശേഷം കരട് ബജറ്റ് പകർപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

# വിഭവ സ്രോതസ്സുകൾ

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വികസന ഫണ്ട്- ജനറൽ | 21175000 |
| 2 | വികസന ഫണ്ട്- പട്ടികജാതി | 6640000 |
| 3 | വികസന ഫണ്ട്- പട്ടികവർഗ്ഗം | 308000 |
| 4 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് | 10518000 |
| 5 | മെയിൻറനൻസ് ഫണ്ട് റോഡ് | 65178000 |
| 6 | മെയിൻറനൻസ് ഫണ്ട് റോഡിതരം | 7093000 |
| 7 | ജനറൽ പർപ്പസ് ഫണ്ട് | 15500000 |
| 8 | ശബരിമല സ്പെഷ്യൽ ഗ്രാൻറ് | 1500000 |
| 9 | ശുചിത്വ മിഷൻ ഫണ്ട് – വാർഡ്തല ശുചീകരണത്തിനായി | 150000 |
| 10 | സ്വച്ച് ഭാരത് മിഷൻ | 2400000 |
| 11 | ശുചിത്വ മിഷൻ ഫണ്ട് – ശ്മശാന നിർമ്മാണം | 3500000 |
| 12 | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3500000 |
| 13 | സംയോജിത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 2500000 |
| 14 | എം.ജി.എൻ.ആർ.ഇ.ജി.എസ് | 47500000 |
| 15 | ഐ.സി.ഡി.എസ് | 1500000 |
| 16 | ഗുണഭോക്തൃ വിഹിതം | 2500000 |
| 17 | സർക്കാർ ലോൺ തുക | 10000000 |
| 18 | തനത് ഫണ്ട് | 11288515 |
| 19 | നാഷണൽ ഹെൽത്ത് മിഷൻ അലോപ്പതി | 1800000 |
| 20 | നാഷണൽ ഹെൽത്ത് മിഷൻ ഹോമിയോ | 500000 |
| 21 | സംസ്ഥാനാവിഷ്കൃത വിഹിതം | 4000000 |
| 22 | ലിറ്ററസി ഗ്രാന്റ് | 15000 |

# വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ

## ഉൽപാദന മേഖല

### കൃഷി അനുബന്ധ മേഖല

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി വാഴ, കുറ്റികുരുമുളക്, കിഴങ്ങുവിള എന്നീ വിളകൾക്കുള്ള പദ്ധതികൾക്കും ഫലവൃക്ഷത്തൈകളുടെ വിതരണത്തിനുള്ള പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്.

### മൃഗസംരക്ഷണം ക്ഷീരവികസനം

മൃഗസംരക്ഷണം ക്ഷീരവികസനം എന്നീ മേഖലകളിൽ കൂടുതൽ തുക വകയിരുത്തേണ്ടത് ആവശ്യമാണ്. മുട്ടക്കോഴി വളർത്തൽ 6.5 ലക്ഷം രൂപ, താറാവ് വളർത്തൽ 1 ലക്ഷം രൂപ, കാലിത്തീറ്റ, പാലിന് സബ്സിഡി എന്നിവയ്ക്ക് 16 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിരിക്കുന്നു. കൂടാതെ പോത്ത് കിടാക്കൾ വിതരണം, കന്നുകുട്ടി പരിപാലനം എന്നിവയ്ക്കും ധാതു ലവണ മിശ്രിതം ലഭ്യമാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

## സേവന മേഖല

### വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായി 12 ലക്ഷം തുക വകയിരുത്തുന്നു. കൂടാതെ സാക്ഷരതാ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തുന്നു. വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും തുക വകയിരുത്തുന്നു.

### സാമൂഹ്യ ക്ഷേമം

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹാപ്പിനസ് പാർക്ക്, ഓപ്പൺ ജിം എന്നിവയ്ക്കും തുക വകയിരുത്തുന്നു.

## ആരോഗ്യം

പകർച്ച വ്യാധികൾ ആരോഗ്യ മേഖലയ്ക്ക് ഒരു വെല്ലുവിളിയാണ്. ഇത് തടയേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്തിൽ മുൻവർഷങ്ങളിൽ വിജയകരമായി നടപ്പിലാക്കിയതും കിടപ്പുരോഗികൾക്ക് വളരെയധികം ആശ്വാസമേകുന്നതുമായ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ പ്രതീക്ഷിച്ചുകൊണ്ട് തുക വകയിരുത്തുന്നു. പഞ്ചായത്തിലെ പി.എച്ച്.സി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്ന പദ്ധതികൾക്കും തുകകൾ വകയിരുത്തിയിട്ടുണ്ട്. സബ് സെൻററുകൾ വഴി നടത്തുന്ന പ്രതിരോധ കുത്തിവെയ്പ് പരിപാടിക്കായി തുക വകയിരുത്തുന്നു.

## കുടിവെള്ളം ശുചിത്വം

പുഴയും നീർത്തടങ്ങളും ധാരാളം ഉള്ളതാണെങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്ത് വേനൽക്കാലങ്ങളിൽ പലഭാഗങ്ങളിൽ രൂക്ഷമായി കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. ആയതിനാൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിക്കായി പഞ്ചായത്ത് വിഹിതം വകയിരുത്തുന്നു. ഇതോടൊപ്പം ശബരിമല തീർത്ഥാടന കാലയളവിൽ അയ്യപ്പ ഭക്തർക്കായി കുടിവെള്ള വിതരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കൂടുതൽ തുക ആ മേഖലയിൽ വകയിരുത്തുന്നു.

## ദാരിദ്ര്യ ലഘൂകരണം

ആശ്രയ പദ്ധതിക്കായി 3 ലക്ഷം രൂപ വകയിരുത്തുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തുന്നു. അതിദരിദ്രരുടേ ക്ഷേമത്തിനായി ഭക്ഷണകിറ്റും , മരുന്നും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ തുക വകയിരുത്തുന്നു.

## ശിശു ക്ഷേമം

അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പദ്ധതിയിലേക്ക് കേന്ദ്ര വിഹിതം ഉൾപ്പെടെ 23 ലക്ഷം രൂപ വകയിരുത്തുന്നു. അംഗൻവാടി മെയിൻറനൻസിനും അങ്കണവാടികളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും 12 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭിന്നശേഷിയുള്ളവരുടെ ക്ഷേമം

ഈ വിഭാഗത്തിലുള്ളവരെ സമൂഹത്തിൻറെ നേർധാരയിൽ നടത്തുക എന്ന ലക്ഷ്യത്തോടെ മുൻ വർഷങ്ങളിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2024-2025 ലും ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ സ്കോളർഷിപ്പ് പദ്ധതിക്കായി തുക വകയിരുത്തുന്നു. കൂടാതെ ഈ വിഭാഗത്തിലുള്ളവർക്ക് വിവിധ ക്ഷേമ പദ്ധതികൾക്കായി മതിയായ തുക വകയിരുത്തുന്നു.

## വയോജന ക്ഷേമം

വൃദ്ധജനങ്ങൾളെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്. അവർക്കായി ഫലപ്രദമായ പദ്ധതികൾ നമുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ വൃദ്ധ ജനങ്ങൾക്ക് വേണ്ടി വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പടെ പരിഗണിച്ചും ഈ മേഖലയ്ക്ക് മതിയായ തുക വകയിരുത്തിയിട്ടുണ്ട്.

## പാർപ്പിട മേഖല

ലൈഫ് മിഷൻ ഭവന പദ്ധതി, വീട് വാസയോഗ്യമാക്കൽ, ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി വിഭാഗം മുതലായ പാർപ്പിട പദ്ധതികൾക്ക് ആകെ 3,75,00,000 രൂപ വകയിരുത്തിയിരിക്കുന്നു.

## കമ്പ്യൂട്ടർവൽക്കരണം

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനുതകുന്ന രീതിയിൽ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർവൽക്കരണത്തിൻറെ മെച്ചപ്പെടുത്തൽ എന്നിവ നടത്തുന്നതിന് ലക്ഷ്യമിടുന്നു. വിവിധ സോഫ്റ്റ് വെയറുകളുടെ വിന്യാസം, അവയുടെ പരിപാലനം, വെബ്സൈറ്റുകളുടെ പരിപാലനം നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് ഉപകരണങ്ങളുടെ തുടങ്ങിയ ചെലവുകൾക്കായി ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിനായി തുക വകയിരുത്തുന്നു. ഓഫീസ് കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാറിനായി തുക വകയിരുത്തുന്നു. ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായും തുക വകയിരുത്തുന്നു.

# പശ്ചാത്തല മേഖല

## ഗതാഗതം

ഗതാഗത മേഖലയിൽ റോഡ് കോൺക്രീറ്റ്, റോഡ് ടാറിംഗ്, റോഡ് റീ ടാറിംഗ്, പുതിയ കലുങ്കുകളുടെ നിർമ്മാണം, ഡി.ആർ കെട്ട്, ഓടകളുടെ നിർമ്മാണം സ്റ്റെപ്പ് / കൈവരി നിർമ്മാണം, നടവഴികൾ സഞ്ചാര യോഗ്യമാക്കൽ, നടപ്പാലം നിർമ്മാണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായി മതിയായ തുക ബജറ്റിൽ വകയിരുത്തുന്നു. ഗ്രാമ സഭയുടെ തീരുമാനപ്രകാരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

## ഊർജ്ജം

ഊർജ്ജ മേഖലയിൽ വികസനോന്മുഖമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾക്കായും, പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള സ്ട്രീറ്റ് ലൈനുകളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തൽ എന്നീ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തുന്നു.

# ഘടകസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ

1. **വിവിധ സ്കൂളുകൾ**

   (കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ, കണ്ടിൻജൻറ് ചെലവുകൾ)

2. **ആശുപത്രികൾ**

   എ)കുടുംബാരോഗ്യ കേന്ദ്രം (മരുന്ന് വാങ്ങൽ, ഉപകരണങ്ങൾ, ഫർണിച്ചർ,കണ്ടിൻജൻറ് ചെലവുകൾ, ക്ലീനിംഗ് സ്റ്റാഫ് വേതനം തുടങ്ങിയ പ്രവർത്തനങ്ങൾ)

   ബി)ആയുർവ്വേദ ഡിസ്പൻസറി

   (മരുന്ന് വാങ്ങൽ, കണ്ടിൻജൻറ് ചെലവുകൾ)

   സി)ഹോമിയോ ഡിസ്പൻസറി

   (മരുന്ന് വാങ്ങൽ, കണ്ടിൻജൻറ് ചെലവുകൾ)

3. **കൃഷി ഭവൻ**

(കണ്ടിൻജൻറ് ചെലവുകൾ)

4. **അസ്സി. എഞ്ചിനീയർ, എൽ.എസ്സ്. ജി. ഡി**

(കണ്ടിൻജൻറ് ചെലവുകൾ)

5. **മൃഗാശുപത്രികൾ**

( അറ്റകുറ്റപ്പണി, കണ്ടിൻജൻറ് ചെലവുകൾ)

6. **വി. ഇ. ഒ**

കണ്ടിൻജൻറ് ചെലവുകൾ

7. **അംഗൻ വാടികൾ**

വാട്ടർ കണക്ഷൻ, പാത്രങ്ങൾ, ഫർണിച്ചർ, അറ്റകുറ്റപ്പണി, വയറിംഗ്, കണ്ടിൻജൻറ് ചെലവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നു.

## പട്ടികജാതി ക്ഷേമം

ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് നിർമ്മാണം, വിവാഹ ധനസഹായം പദ്ധതി വീടുകൾ പുനരുദ്ധാരിക്കൽ , കുട്ടികളുടെ പഠന സൗകര്യാർത്ഥം പഠനമുറി നിർമ്മിക്കൽ, ജലസേചന പമ്പ് സെറ്റ് സ്ഥാപിക്കൽ, കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്, വൃദ്ധജനങ്ങൾക്കായി പദ്ധതികൾ എന്നിങ്ങനെ തുക വകയിരുത്തുന്നു. കൂടാതെ എസ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതിക്കും തുക വകയിരുത്തിയിരിക്കുന്നു.

## പട്ടികവർഗ്ഗ മേഖല

പട്ടികവർഗ്ഗ വിഭാഗത്തിൻറെ ഉന്നമനത്തിനുതകുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്തുന്നു. എസ് റ്റി പെൺകുട്ടികൾക്ക് വിവാഹധനസഹായം, എസ് റ്റി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ എന്നീ പദ്ധതികൾക്ക് തുക വകയിരുത്തുന്നു.

## BUDGET STATEMENT

| | | | | | |
|---|---|---|---|---|---|
| **VADASSERIKKARA Grama Panchayat** | | | | | |
| **Budget for the Year 2024-25** | | | | | |
| | PARTICULARS | | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
| A | Opening balance(net) | ws-1 | 93,07,121.00 | 1,34,46,329.00 | 1,76,76,287.00 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 79,43,422.00 | 1,02,10,000.00 | 1,05,32,000.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 33,45,093.00 | 54,85,000.00 | 57,29,500.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 1,12,88,515.00 | 1,56,95,000.00 | 1,62,61,500.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 1,08,90,000.00 | 1,50,00,000.00 | 1,55,00,000.00 |
| F | **Total - ആകെ** | (D+E) | 2,21,78,515.00 | 3,06,95,000.00 | 3,17,61,500.00 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 6,03,61,496.00 | 15,77,76,038.00 | 17,46,51,000.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 3,99,67,720.00 | 8,00,00,000.00 | 8,00,00,000.00 |
| I | **Toal Revenue Income - ആകെ റവന്യൂ വരവുകൾ** | (F+G+H) | 12,25,07,731.00 | 26,84,71,038.00 | 28,64,12,500.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | - | - | - |
| K | her than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 54,54,631.00 | 85,32,962.00 | 23,88,000.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 54,54,631.00 | 85,32,962.00 | 23,88,000.00 |
| M | **Total Income - ആകെ വരവുകൾ** | (I+L) | 12,79,62,362.00 | 27,70,04,000.00 | 28,88,00,500.00 |
| N | **Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 13,72,69,483.00 | 29,04,50,329.00 | 30,64,76,787.00 |

# BUDGET STATEMENT

| | | | | | |
|---|---|---|---|---|---|
| VADASSERIKKARA Grama Panchayat | | | | | |
| **Budget for the Year 2024-25** | | | | | |
| | PARTICULARS | | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
| O | Revenue Expenditure-Statutory functions - റവന്യൂ ചെലവുകള്‍-അനിവാര്യ ചുമതലകള്‍ക്ക് | BS-8 | 1,92,75,961.00 | 3,21,76,968.00 | 3,51,19,500.00 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റില്‍ നിന്നുള്ള പദ്ധതി ചെലവുകള്‍ | BS-9 | 6,45,79,473.00 | 15,82,09,074.00 | 18,57,68,600.00 |
| Q | Revenue Expenditure-Non-Plan- റവന്യൂ ഗ്രാന്റില്‍ നിന്നുള്ള പദ്ധതിയേതര ചെലവുകള്‍ | BS-10 | 3,99,67,720.00 | 8,00,00,000.00 | 8,00,00,000.00 |
| R | **Total Revenue Expenditure - ആകെ റവന്യൂ ചെലവുകള്‍** | (O+P+Q) | 12,38,23,154.00 | 27,03,86,042.00 | 30,08,88,100.00 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള്‍-വായ്പ തിരിച്ചടവ് | BS-11 | - | - | - |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകള്‍ | BS-12 | - | 23,88,000.00 | 39,98,000.00 |
| U | **Total Capital Expenditure - ആകെ മൂലധന ചെലവുകള്‍ ചെലവുകള്‍** | (S+T) | - | 23,88,000.00 | 39,98,000.00 |
| V | **Total Expenditure - ആകെ ചെലവുകള്‍** | (R+U) | 12,38,23,154.00 | 27,27,74,042.00 | 30,48,86,100.00 |
| W | **Closing Balance - നീക്കി ബാക്കി** | (N-V) | 1,34,46,329.00 | 1,76,76,287.00 | 15,90,687.00 |

| VADASSERIKKARA Grama Panchayat : Budget For The Financial Year 2024-25 | | | | |
|---|---|---|---|---|
| **BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ )** | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
| 110 10 01 | Property Tax-വസ്തു നികുതി | 5327599 | 7000000 | 7200000 |
| 110 11 01 | Service Tax-സേവന നികുതി | 714861 | 910000 | 922000 |
| 110 20 01 | Profession Tax-തൊഴിൽ നികുതി | 1900962 | 2300000 | 2410000 |
| **110** | **Total-Tax Revenue-ആകെ നികുതി വരവ്** | **7943422** | **10210000** | **10532000** |
| **BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ )** | | | | |
| **130** | **Rental Income from Panchayat Properties** | | | |
| 130 10 01 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 62735 | 300000 | 300000 |
| 130 30 01 | Rent from Auditoriums and Halls-ആഡിറ്റോറിയം/ഹാൾ വാടക | 6600 | 75000 | 75000 |
| 130 80 01 | Other Rents- മറ്റ് വാടകകൾ | 60000 | 75000 | 75000 |
| **130** | **Total-Rental Income from Panchayat Properties** | **129335** | **450000** | **450000** |
| **140** | **Fees & User Charges** | | | |
| 140 10 01 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 1281 | 60000 | 60000 |
| 140 11 01 | Licence Fees-ലൈസൻസ് ഫീസ് | 275940 | 475000 | 485000 |

| | | | | |
|---|---|---|---|---|
| 140 12 01 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 277761 | 2500000 | 2600000 |
| 140 13 01 | Fees for Certificate or Extract -സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 15934 | 25000 | 25500 |
| 140 20 01 | Penalties and Fines-ഫൈൻ | 219233 | 200000 | 300000 |
| 140 40 01 | Miscellaneous Fees-മറ്റ് ഫീസുകൾ | 1652812 | 200000 | 200000 |
| 140 70 01 | Service/ Administrative Charges -സർവീസ്/അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾ | | 85000 | 85000 |
| **140** | **Total-Fees & User Charges-** | **2442961** | **3545000** | **3755500** |
| **150** | **Sale & Hire Charges** | | | |
| 150 10 01 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 1850 | 20000 | 20000 |
| 150 11 01 | Sale of Forms-ഫാറം വില | 302522 | 20000 | 21000 |
| 150 12 01 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | | 75000 | 78000 |
| 150 30 01 | Miscellaneous Sales --മറ്റ് വസ്തുക്കളുടെ വിൽപ്പന | | 5000 | 5000 |
| **150** | **Total-Sale & Hire Charges** | **304372** | **120000** | **124000** |
| **151** | **Receipts from Transferred Institutions** | | | |
| **151** | **Total-Receipts from Transferred Institutions** | **0** | **0** | **0** |
| **170** | **Income from Investments** | | | |
| **170** | **Total-Income from Investments** | **0** | **0** | **0** |
| **171** | **Interest Earned** | | | |
| 171 10 01 | Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 424538 | 1000000 | 1000000 |
| **171** | **Total-Interest Earned** | **424538** | **1000000** | **1000000** |
| **180** | **Other Income** | | | |

| | | | | |
|---|---|---|---|---|
| 180 10 01 | Deposits Forfeited -നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 38890 | 150000 | 150000 |
| 180 40 01 | Recovery from Employees -ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ | 4997 | 210000 | 250000 |
| 180 80 01 | Miscellaneous Income | | 10000 | |
| **180** | **Total-Other Income-മറ്റ് വരവുകൾ -ആകെ** | **43887** | **370000** | **400000** |
| | **Total-Non tax revenue -ആകെ നികുതിയിതര വരവുകൾ** | **3345093** | **5485000** | **5729500** |
| **BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്** | | | | |
| | General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | 10890000 | 15000000 | 15500000 |
| | **Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്** | **10890000** | **15000000** | **15500000** |
| **BS-4 -REVENUE INCOME-PLAN GRANTS (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ )** | | | | |
| **311** | **Revenue Grants, Funds, Contributions & Compensations** | | | |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1015152 | 48000000 | 49300000 |
| 3202001 | Development Fund-വികസന ഫണ്ട് | 49238581 | 101626038 | 107386000 |

| | | | | |
|---|---|---|---|---|
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes -വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 7503406 | 4500000 | 3915000 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 650000 | 150000 | 150000 |
| 3208001 | Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1654357 | 3500000 | 13900000 |
| 3209002 | Awards from State Government -സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ | 300000 | 0 | 0 |
| | **Revenue Grants, Funds, Contributions & Compensations** | **60361496** | **157776038** | **174651000** |
| **BS-5-REVENUE INCOME- NON PLAN GRANTS (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ )** | | | | |
| **160** | **Revenue Grants, Funds, Contributions & Compensations** | | | |
| 160 10 03 | State Sponsored Schemes (not included under Decentralised Plan Programme )സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 39967720 | 80000000 | 80000000 |

| | | | | |
|---|---|---|---|---|
| **160** | **Total-Revenue Grants, Funds, Contributions & Compensations** | **39967720** | **80000000** | **80000000** |
| **BS-6 - CAPITAL INCOME- LOANS (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ് )** | | | | |
| **330** | **loans** | | | |
| **330** | **Total-loans-ആകെ വായ്പകൾ** | **0** | **0** | **0** |
| **BS-7- CAPITAL INCOME- OTHER THAN LOANS ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ )** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 2500000 | 1000000 | 1500000 |
| 3202001 | Development Fund-വികസന ഫണ്ട് | 2954631 | 7532962 | 888000 |
| | **Total-Revenue Grants, Funds, Contributions & Compensations** | **5454631** | **8532962** | **2388000** |
| **BS-8-Revenue Expenditure-Mandatory functions (അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **210** | **Establishment Expenses-** | | | |
| 210 10 01 | Salaries-ശമ്പളം | 9789582 | 15000000 | 15500000 |
| 210 10 02 | Wages-കൂലി | 854671 | 1100000 | 1150000 |
| 210 10 03 | Bonus-ബോണസ് | 28000 | 80000 | 85000 |
| 210 20 01 | Travelling Allowances-യാത്രാ ബത്ത | 193671 | 400000 | 450000 |
| 210 20 02 | Other Benefits and Allowances-മറ്റ് ബത്തകൾ | 61590 | 80000 | 85000 |

| | | | | |
|---|---|---|---|---|
| 210 20 03 | Monthly Honorarium of Elected Representatives -ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 1600970 | 2000000 | 2100000 |
| 210 20 04 | Sitting Fee of Elected Representatives -ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 168350 | 300000 | 305000 |
| 210 20 05 | Travelling Allowance of Elected Representatives -ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | | 150000 | 160000 |
| 210 30 01 | Pension Contributions -പെൻഷൻ കോൺട്രിബ്യൂഷൻ | 912039 | 1300000 | 1350000 |
| 210 30 02 | Leave Salary Contributions-അവധി ശമ്പളം | 161552 | 772153 | 850000 |
| 210 40 01 | Other Terminal & Retirement Benefits -മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 762495 | | 800000 |
| **210** | **Total-Establishment Expenses -ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ -ആകെ** | **14532920** | **21182153** | **22835000** |
| **220** | **Administrative Expenses-ഭരണ ചെലവുകൾ** | | | |
| 220 10 01 | Rent-വാടക | | 600 | 0 |
| 220 10 03 | Taxes-നികുതി | | 215 | 500 |
| 220 11 01 | Office Maintenance-ഓഫീസ് ചെലവുകൾ | 112311 | 600000 | 650000 |
| 220 12 01 | Communication Expenses -വാർത്താ വിനിമയ ചെലവുകൾ | 282843 | 400000 | 450000 |
| 220 20 01 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 28830 | 155000 | 175000 |
| 220 21 01 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 164790 | 600000 | 650000 |
| 220 40 01 | Insurance and Registration -ഇൻഷുറൻസ്/രജിസ്ട്രേഷൻ | 24764 | 75000 | 77000 |

| | | | | |
|---|---|---|---|---|
| 220 51 01 | Legal Expenses -നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 10000 | 60000 | 65000 |
| 220 52 01 | Professional & Other Fees -പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 4000 | 10000 | 12000 |
| 220 60 01 | Advertisement & Publicity-പരസ്യവും പ്രചരണവും | 22800 | 275000 | 300000 |
| 220 61 01 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 12320 | 80000 | 85000 |
| 220 70 01 | Election Expenses -തെരഞ്ഞെടുപ്പ് ചെലവുകൾ | | 550000 | 550000 |
| 220 71 01 | Extra - ordinary Expenses -അസാധാരണ ചെലവുകൾ | 10736 | 250000 | 255000 |
| 220 80 01 | Miscellaneous Administrative Expenses -മറ്റ് ഭരണ ചെലവുകൾ | 451022 | 650000 | 650000 |
| **220** | **Total-Administrative Expenses - ഭരണ ചെലവുകൾ -ആകെ** | **1124416** | **3705815** | **3919500** |
| **230** | **Operations & Maintenance-സംരക്ഷണവും നടത്തിപ്പും** | | | |
| 230 10 01 | Power-വൈദ്യുതി/ഊർജം | 979205 | 2500000 | 2600000 |
| 230 10 02 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 328869 | 600000 | 650000 |
| 230 11 01 | Water Charges for Drinking Water Schemes -വാട്ടർ ചാർജ് | 1632216 | 2350000 | 2500000 |
| 230 20 01 | Bulk Purchases | 16703 | 17000 | 18000 |
| 230 40 01 | Hire Charges-വാടക | 11650 | 66000 | 80000 |
| 230 50 01 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | | 75000 | 85000 |
| 230 50 02 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ | | 100000 | 150000 |

| | | | | |
|---|---|---|---|---|
| 230 50 03 | Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ | | 20000 | 255000 |
| 230 50 04 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്കുകളും | | 40000 | 200000 |
| 230 50 05 | Repairs & Maintenance - Drinking Water -സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ | | 40000 | 90000 |
| 230 50 06 | Repairs & Maintenance Irrigation -സംരക്ഷണവും അറ്റകുറ്റപ്പണികളും-ജലസേചന പദ്ധതികൾ | | 200000 | 250000 |
| 230 50 07 | Repairs & Maintenance - Electricity -സംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി | 9560 | 75000 | 85000 |
| 230 50 08 | Repairs & Maintenance - Waste Treatment -സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ | 201050 | 220000 | 250000 |
| 230 50 09 | Repairs & Maintenance - Movable Assets -സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | | 300000 | 350000 |
| 230 50 99 | Repairs & Maintenance -Other Fixed Assets -സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | | 85000 | 150000 |
| 230 80 01 | Other Operating and maintenance expenses -മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 438786 | 600000 | 650000 |

| | | | | |
|---|---|---|---|---|
| **230** | **Total-Operations & Maintenance-നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ-ആകെ** | **3618039** | **7288000** | **8363000** |
| **240** | **Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും** | | | |
| 240 70 01 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 586 | 1000 | 2000 |
| **240** | **Total-Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും-ആകെ** | **586** | **1000** | **2000** |
| | **TOTAL STATUTORY EXPENDITURE -അനിവാര്യ ചെലവുകൾ ആകെ** | **19275961** | **32176968** | **35119500** |
| **BS-9 - Revenue Expenditure - PLAN (പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **250** | **Decentralised Plan Programme - Productive Sector** | | | |
| 2501003 | Agricultural Development Programs -മറ്റ് കാർഷിക വികസന പരിപാടികൾ | 233200 | 400000 | 200000 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 240000 | 500000 | 0 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 133000 | 200000 | 0 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 80000 | 200000 | 200000 |
| 2501013 | Agriculture and Related Sectors -Tuber Crops -കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | | 750000 | 1450000 |
| 2501014 | Agriculture and Related Sectors -Horticulture-കൃഷിയും അനുബന്ധ മേഖലകളും- | | 300000 | 300000 |

| | | | | |
|---|---|---|---|---|
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 152000 | 500000 | 50000 |
| 2501023 | Agriculture and Related Sectors - Apiculture-കൃഷിയും അനുബന്ധ മേഖലകളും | | 200000 | 0 |
| 2501031 | Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ | 605000 | 560000 | 0 |
| 2501032 | Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ | 360000 | 0 | 0 |
| 2501034 | Animal Husbandry -Calf-മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | 312500 | 505000 | 200000 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 270000 | 340000 | 650000 |
| 2501037 | Animal Husbandry -Duck-മൃഗ സംരക്ഷണം-താറാവ് കൃഷി | | | 100000 |
| 2501039 | Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ | 15000 | 300000 | 300000 |
| 2501040 | Animal Husbandry -Disease Control -മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 99000 | 250000 | 280000 |
| 2501041 | Animal Husbandry -Related Facility -മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | | 400000 | 100000 |
| 2501045 | Dairy Development -Fodder Grass -ക്ഷീര വികസനം-തീറ്റപ്പുൽ കൃഷി | 200000 | 700000 | 1000000 |
| 2501046 | Dairy Development -Storage and Marketing -ക്ഷീര വികസനം-സംഭരണവും വിപണനവും | 800000 | 1000000 | 600000 |
| 2501049 | FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി | 60410 | 80000 | 20000 |

| | | | | |
|---|---|---|---|---|
| 2501052 | Inland -Pisciculture-ഉൾനാടൻ മത്സ്യ കൃഷി | | | 40000 |
| 2503016 | Market Promotion -വിപണന പ്രോത്സാഹന പരിപാടികൾ | 260000 | | 0 |
| **250** | **Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ** | **3820110** | **7185000** | **5490000** |
| **251** | **Decentralised Plan Programme - Service Sector -സേവന മേഖല** | | | |
| 2510115 | Literacy Equivalance Examination -സാക്ഷരത -തുല്യതാ പരീക്ഷ | | 6615 | 8000 |
| 2511006 | SSA & Other Educational Programs -സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 517451 | 1200000 | 1200000 |
| 2511010 | Arts and Culture-കല-സംസ്കാരം | 167250 | 85000 | 100000 |
| 2511011 | Continuing Education and Non -formal Education അനൌപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 12500 | 50000 | 25000 |
| 2511013 | Education-Related Activities -വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ | 308464 | 400000 | 400000 |
| 2511016 | Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ | | 50000 | 50000 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 699664 | 1500000 | 1500000 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 490538 | 1400000 | 1500000 |
| 2512004 | Medicines-മരുന്നുകൾ | 1550000 | 2300000 | 2300000 |
| 2512007 | Other Programs in Health Sector -മറ്റ് ആരോഗ്യ പദ്ധതികൾ | 30000 | 230000 | 600000 |
| 2512009 | Sanitation-ശുചിത്വം | 235600 | 800000 | 240000 |

| | | | | |
|---|---|---|---|---|
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | 241495 | 1000000 | 500000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 1465690 | 1900000 | 2000000 |
| 2512027 | Crematorium- ശ്മശാനങ്ങൾ | | 2500000 | 2500000 |
| 2513001 | Housing-ഭവന നിർമാണം | 11860000 | 27500000 | 37500000 |
| 2513005 | Programs for the Aged -വൃദ്ധക്ഷേമ പരിപാടികൾ | 504340 | 1194400 | 1194400 |
| 2513006 | Programs for Physically / Mentally Challenged -ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 569131 | 1428800 | 1428800 |
| 2513008 | Total Poverty Alleviation Programs -ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 17105935 | 37500000 | 47000000 |
| 2513009 | Women's Welfare Programs -വനിതാ ക്ഷേമ പരിപാടി | 695815 | 500000 | 500000 |
| 2513010 | Special Programs for Scheduled Castes -പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | | 2500000 | 2500000 |
| 2513011 | Special Programs for Scheduled Tribes -പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 308000 | 308000 | 308000 |
| 2513012 | Other Social Security Programs -മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 1029925 | 2200000 | 2200000 |
| 2514101 | Anganwadi Nutrition -അംഗൻവാടി പോഷകാഹാര പരി പാടി | 1223189 | 1800000 | 2300000 |
| 2514201 | Anganwadi Infrastructure -അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 472769 | 500000 | 525000 |
| 2514202 | Anganwadi Related Services -അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ | 1226400 | 1226400 | 1226400 |

| | | | | |
|---|---|---|---|---|
| 2516005 | General Economic Services - Plan Formulation , Monitoring and Evaluation -പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 258048 | 300000 | 300000 |
| 2516006 | General Economic Services - Good Governance -സത് ഭരണം | | 648498 | 100000 |
| 2516007 | General Economic Services - Computerisation of LSGIs and Transferred Institutions -തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം | 120714 | 350000 | 350000 |
| 2516008 | General Economic Services - Other Plan Expenditure -മറ്റ് പ്ലാൻ ചെലവുകൾ | | 250000 | 420000 |
| 2516201 | Energy Conservation-ഊർജ്ജ സംരക്ഷണം | | 2006000 | 0 |
| 2516301 | Electricity Line Extension -വൈദ്യുത ലൈൻ നീട്ടൽ | | 1500000 | 0 |
| **251** | **Total-Decentralised Plan Programme - Service Sector** | **41092918** | **95133713** | **110775600** |
| **252** | **Decentralised Plan Programme - Infrastructure Sector** | | | |
| 2521001 | Energy - Electrification of Street Lights -തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 1613961 | 1500000 | 1100000 |
| 2521007 | Office Electrification -ഓഫീസ് വൈദ്യുതീകരണം | 250000 | 300000 | 350000 |
| 2522001 | Roads-റോഡുകൾ | | 500000 | 0 |
| 2522002 | Lanes -ലയിനുകൾ | | 200000 | 0 |
| 2522003 | Bridges-പാലങ്ങൾ | | 300000 | 0 |
| 2522005 | Foot Bridges-നടപ്പാലങ്ങൾ | | 300000 | 0 |
| 2522006 | Waiting Sheds and Bus Stands -ബസ് കാത്തിരുപ്പ് കേന്ദ്രങ്ങളും,ബസ് സ്റാന്റുകളും | | 500000 | 0 |
| **252** | **Total-Decentralised Plan Programme - Infrastructure Sector** | **1863961** | **3600000** | **1450000** |

| | | | | |
|---|---|---|---|---|
| **253** | **Projects not included in Sector Division** | | | |
| 2531001 | Drinking Water related Projects -കുടിവെള്ളം-അനുബന്ധ പ്രൊജക്ടുകൾ | | 1500000 | 0 |
| 2531006 | Asraya Projects for Rehabilitation of Destitute -ആശ്രയ പദ്ധതി | 300000 | 650000 | 600000 |
| 2531009 | Computerisation of Panchayats -പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 5907 | 400000 | 400000 |
| 2531012 | Payments to IKM -ഐ.കെ.എം-നുള്ള പണം നൽകൽ | 72463 | 90000 | 90000 |
| **253** | **Total-Projects not included in Sector Division** | **378370** | **2640000** | **1090000** |
| **255** | **Maintenance Projects** | | | |
| 255 10 01 | Maintenance Projects - Road Assets -റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 15619826 | 47256210 | 65178000 |
| 255 20 02 | Maintenance Projects - Non Road Assets- Transferred Institutions - Animal Husbandry -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മൃഗ സംരക്ഷണം | | 100000 | 200000 |
| 255 20 05 | Maintenance Projects - Non Road Assets- Transferred Institutions - Social Welfare -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം | 1295977 | 1244151 | 600000 |

| | | | | |
|---|---|---|---|---|
| 255 20 06 | Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി/ഡിസ്പൻസറി -അലോപ്പതി | 150000 | 250000 | 550000 |
| 255 20 07 | Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ആയുർവേദം | | 200000 | 85000 |
| 255 20 08 | Maintenance Projects - Non Road Assets- Transferred Institutions - Homeopathy (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ഹോമിയോപ്പതി | 358311 | 600000 | 350000 |
| 255 | Total-Maintenance Projects -മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ | 17424114 | 49650361 | 66963000 |
| 256 | Other Revenue Grants and funds - Revenue Expenses-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും | | | |
| **256** | **Other Revenue Grants and funds - Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും -ആകെ** | **0** | **0** | **0** |
| **260** | **Grants, Contributions and Compensations from Own Fund** | | | |
| **260** | **Grants, Contributions and Compensations from Own Fund-total** | **0** | **0** | **0** |

| | | | | |
|---|---|---|---|---|
| | **Total-Revenue Expenditure -PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ** | **64579473** | **158209074** | **185768600** |
| **BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES (നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **254** | **Expenditures of Transferred Institutions (not included under Decentralised Plan Programme)** | | | |
| 254 20 01 | State Sponsored Schemes (not included under Decentralised Plan Programme )-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 39967720 | 80000000 | 80000000 |
| **254** | **Total-Expenditures of Transferred Institutions (not included under Decentralised Plan Programme)** | **39967720** | **80000000** | **80000000** |
| **BS-11CAPITAL EXPENDITURE - LOAN REPAYMENTS (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **330** | **Loans** | | | |
| | **Total-loans - ആകെ വായ്പ തിരിച്ചടവ്** | **0** | **0** | **0** |
| **BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| 410 10 01 | Land ( ഭൂമി) | | 1000000 | 1000000 |
| 410 20 01 | Buildings (പൊതു കെട്ടിടങ്ങൾ) | | 300000 | 500000 |
| 410 30 02 | Lanes (ഇടവഴികൾ) | | 188000 | 198000 |
| 410 30 03 | Culverts, Bridges & Other constructions (കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും) | | 300000 | 0 |
| 410 70 01 | Waste Treatment (മാലിന്യ സംസ്കരണം) | | | 1500000 |
| 410 80 01 | Other Fixed Assets ( മറ്റ് സ്ഥിര ആസ്തികൾ) | | 300000 | 500000 |

| | | | | |
|---|---|---|---|---|
| TOTAL CAPITAL EXPENDITURE - ആകെ മൂലധന ചെലവുകൾ | | 0 | 2388000 | 3998000 |
| **BS-13 - RECEIPT AND REFUND OF DEPOSIT (ഡപ്പോസിറ്റ് വരവും, മടക്കി നൽകലും)** | | | | |
| 3401001 | Earnest Money Deposit-നിരതദ്രവ്യം | | 250000 | 250000 |
| 3401002 | Security Deposit-സെക്യൂരിറ്റി നിക്ഷേപം | | 200000 | 200000 |
| 3401003 | Retention-റിടെൻഷൻ | | 200000 | 200000 |
| 3401099 | Other Deposits-മറ്റ് നിക്ഷേപങ്ങൾ | | 200000 | 200000 |
| 3402001 | Deposits-Revenue-റവന്യൂ നിക്ഷേപങ്ങൾ | | 250000 | 250000 |
| 3403001 | Deposits Received From Staff -ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | | 300000 | 300000 |
| 3408001 | Deposit Received from Others -മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | | 200000 | 200000 |
| 3501101 | Employee Liabilities – ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ | | 800000 | 800000 |
| 3502001 | Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത് | | 500000 | 500000 |
| 3502002 | Recoveries Payable - Deductions FROM WORK BILLS -വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | | 400000 | 400000 |
| 3503001 | Government and Other Dues Payable -സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | | 400000 | 400000 |
| **110** | **ആകെ** | | **3700000** | **3700000** |

## പെർഫോർമൻസ് ബജറ്റ് 2024-2025

| ക്രമ നം | പദ്ധതിയുടെ പേര് | തുക | | | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| | | പ്ലാൻ ബജറ്റ് | നോൺ പ്ലാൻ ബജറ്റ് | ആകെ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | 3,75,00000 | 0.00 | 3,75,00000 | ഭവനം ലഭ്യമാക്കുന്നു |
| 2 | അംഗൻവാടി പോഷകാഹാരം | 23,00,000 | 0.00 | 23,00,000 | ശിശുക്കൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നു |
| 3 | പാലിന് സബ്സിഡി | 10,00,000 | 0.00 | 10,00,000 | ക്ഷീരകർഷകർക്ക് പ്രോത്സാഹനം |
| 4 | പാലിയേറ്റീവ് പരിചരണ പരിപാടി | 10,00,000 | 0.00 | 10,00,000 | കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നു |
| 5 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 10,00,000 | 0.00 | 10,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| 7 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | 0 | 4,75,00,000 | 4,75,00,000 | ദാരിദ്ര്യ ലഘൂകരണം |
| 8 | ക്ഷേമ പെൻഷനുകൾ | 0.00 | 8,00,00,000 | 8,00,00,000 | സാമൂഹ്യ സുരക്ഷിതത്വം |

## ജന്റർ ബജറ്റ് 2024-2025

| ക്രമ നം | പദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കൾ (ലിംഗ പദവി അടിസ്ഥാനത്തിൽ) | | ബജറ്റ് (ലിംഗ പദവി അടിസ്ഥാനത്തിൽ) | | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ | |
| 1 | കിഴങ്ങുവിളകൃഷി | 14,50,000 | | 150 | | 14,50,000 | കൃഷി വികസനം |
| 2 | മുട്ടക്കോഴി വളർത്തൽ | 6,50,000 | | 150 | | 6,50,000 | സ്വയംതൊഴിൽ ലഭ്യമാക്കുന്നു |
| 3 | പോത്ത് കിടാക്കൾ വിതരണം | 2,00,000 | | 20 | | 2,00,000 | സ്വയംതൊഴിൽ ലഭ്യമാക്കുന്നു |
| 4 | കറവ പശുക്കൾക്ക് കാലിത്തീറ്റ | 10,00,000 | | 150 | | 10,00,000 | സ്വയംതൊഴിൽ ലഭ്യമാക്കുന്നു |

# ഉപസംഹാരം

ബജറ്റിൻറെ കരട് രൂപമാണ് അവതരിപ്പിച്ചത് ആയത് സജീവ ചർച്ചയ്ക്കും, പരിഗണനകൾക്കും വിധേയമാക്കണമെന്ന് താൽപര്യപ്പെടുന്നു. ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ കൂട്ടായ പരിശ്രമം വഴി ബജറ്റിലൂടെ വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൻറെ 2024-2025 വർഷത്തെ ബജറ്റ് ഭരണസമിതി മുമ്പാകെ അംഗീകരിക്കുന്നതിനായി സമർപ്പിക്കുന്നു.

(ഒപ്പ്)

**ഒ.എൻ യശോധരൻ**
വൈസ് പ്രസിഡൻറ്
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

വടശ്ശേരിക്കര
07/02/2024